# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1185 30.01.2018 ൽ മറുപടിക്ക്**

**റെസ്റ്റ് ഹൗസുകൾ മെച്ചപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം<br>ശ്രീമതി.പി.അയിഷാ പോറ്റി | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| --- | --- |
| (എ) പൊതുമരാമത്ത് റെസ്റ്റ് ഹൗസുകൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) പൊതുമരാമത്ത് റസ്റ്റ് ഹൗസുകളിൽ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ആധുനികവൽക്കരിച്ച് ഉന്നത നിലവാരത്തിൽ ആക്കുവാൻ നടപടികൾ എടുത്തു വരുന്നു. അവയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. റസ്റ്റ് ഹൗസുകളെ ക്ലാസ്സ് I (31 എണ്ണം) ക്ലാസ്സ് II (122 എണ്ണം) വിഭാഗങ്ങളായി തരംതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ക്ലാസ്സ് III ഒഴിവാക്കിയിട്ടുണ്ട്.<br>2.എല്ലാ ജീവനക്കാർക്കും യൂണിഫോം നിർബന്ധമാക്കിയിട്ടുണ്ട്.<br>3.ക്യാന്റീൻ സൗകര്യമുള്ള എല്ലാ റസ്റ്റ് ഹൗസുകളിലും ക്യാന്റീൻ നടത്തിപ്പിനായി മത്സര ടെണ്ടറിലൂടെ പുറം കരാർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>4.റസ്റ്റ്ഹൗസുകളിൽ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുകയും പരിസരം വൃത്തിയായി സംരക്ഷിക്കുകയും ചെയ്യുന്നുണ്ട്. വസ്തു വകകൾ സംരക്ഷിക്കാൻ ശ്രദ്ധിക്കുന്നു.<br>5. റസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം, ജീവനക്കാർക്ക് ട്രെയിനിംഗ്, ചുറ്റുമതിൽ നിർമ്മാണം എന്നിവക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>6.ജീവനക്കാരുടെ ഒഴിവുകളിലേക്ക് |

| | | | |
|---|---|---|---|
| | | | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും, താൽക്കാലികമായും, ദിവസ വേതന അടിസ്ഥാനത്തിലും ജീവനക്കാരെ നിയമിച്ച് പ്രവർത്തനം നടത്തുന്നുണ്ട്.<br>7.MP/ MLA / Ex-MLA എന്നിവർക്ക് സർക്കാർ ഗസ്റ്റ് ഹൗസുകളിലെ പോലെ സൗജന്യങ്ങൾ ഉത്തരവായി നടപ്പാക്കിയിട്ടുണ്ട്. |
| (ബി) | പൊതുമരാമത്ത് വകുപ്പ് മന്ത്രി നേരിട്ട് പരിശോധന നടത്തി ക്രമക്കേടുകൾ കണ്ടെത്തിയത് ഏതെല്ലാം റെസ്റ്റ്ഹൗസുകളിലാണ്; ആയതിന്മേൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ? | (ബി) | കായംകുളം റസ്റ്റ് ഹൗസ്, ആലപ്പുഴ റസ്റ്റ് ഹൗസ്, മൂന്നാർ റസ്റ്റ് ഹൗസ് കാക്കനാട് റസ്റ്റ് ഹൗസ് എന്നിവിടങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്തി. കായംകുളം റസ്റ്റ് ഹൗസിന്റെ ചുമതലയുണ്ടായിരുന്ന അസിസ്റ്റന്റ് എഞ്ചിനീയർ, 3ാം ഗ്രേഡ് ഓവർസിയർ എന്നിവരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. കായംകുളം ഉൾപ്പെടെ ചില റസ്റ്റ് ഹൗസുകളിലെ സൗജന്യവാസം, ശല്യങ്ങൾ എന്നിവ ഒഴിവാക്കാൻ സർക്കാർ നടപടി എടുത്തുവരുന്നു. ആലപ്പുഴ റസ്റ്റ് ഹൗസിൽ ചുമതലയുണ്ടായിരുന്ന സെക്ഷൻ ക്ലാർക്കിനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും റസ്റ്റ് ഹൗസ് SLR Worker നെ അന്വേഷണ വിധേയമായി സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്. മൂന്നാർ റസ്റ്റ് ഹൗസിന്റെ ചുമതലയുള്ള മൂന്നാർ അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തു. |

**സെക്ഷൻ ഓഫീസർ**